സി.ബി(1)37031/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 29.1.2010

Email : keralarcs@gmail.com
Website: www.co-operation.kerala.gov.in
Tel.No. 0471-2330726

# സർക്കുലർ നമ്പർ 3/2010

വിഷയം: സഹകരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്ക് വായ്പ അനുവദിക്കുന്നതിന് അനുമതി–പരിഷ്ക്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.

സൂചന:

1) 24.6.2008 ലെ സ.ഉ(എം.എസ്)174/2008/തസ്വഭവ.നമ്പർ സർക്കാർ ഉത്തരവ്
2) സഹകരണ സംഘം രജിസ്ട്രാറുടെ 8.8.2008 ലെ 58/2008–ാം നമ്പർ സർക്കുലർ
3) 22.11.2008 ലെ സ.ഉ(എം:എസ്)310/2008/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ്.
4) 1.1.2009 ലെ 192/ഡി.ബി1/2007/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ
5) 31.1.2009 ലെ സ.ഉ(എം.എസ്)15/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
6) 29.7.2009 ലെ സ.ഉ(എം.എസ്)146/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
7) സഹകരണസംഘം രജിസ്ട്രാറുടെ 24.8.2009 ലെ 44/2009 നമ്പർ സർക്കുലർ
8) 7.11.2009 സ.ഉ(എം.എസ്)207/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
9) ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ബഹു. തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രിയുടേയും, ബഹു.സഹകരണ കയർ വകുപ്പ് മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ 18.11.2009 ൽ നടത്തിയ ചർച്ചയിലെ തീരുമാനങ്ങൾ

സംസ്ഥാനത്തെ പാവപ്പെട്ടവരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ദാരിദ്ര്യരേഖക്കു താഴെയുള്ള എല്ലാ ഭവന രഹിത കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുക എല്ലാ ഭൂരഹിത/ഭവന രഹിതർക്കും സ്ഥലവും വീടും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായതിന്റെ

അടിസ്ഥാനത്തിൽ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രോജക്ടുകൾക്ക് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ അനുവദിക്കുന്നതിന് അനുമതി നൽകി സൂചന 2 ഉം 7 ഉം പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു..

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ആഭിമുഖ്യത്തിൽ 2008 ഡിസംബർ 18 ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശില്പശാലയിൽ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിന് ഒട്ടേറെ ശുപാർശകൾ ആവിഷ്ക്കരിക്കുകയുണ്ടായി. ആയത് കണക്കിലെടുത്തും ഇതു സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പുതിയ വിശദീകരണങ്ങളും കൂടി ഉൾപ്പെടുത്തി സൂചന 8 പ്രകാരം സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നു. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ബഹു.തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടേയും ബഹു.സഹകരണ വകുപ്പു മന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ 18.11.2009 ൽ നടന്ന ചർച്ചയുടേയും സൂചന (8) ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലും സഹകരണ പ്രസ്ഥാനത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയും കണക്കിലെടുത്ത്, ഇ.എം.എസ് ഭവന പദ്ധതിയുടെ മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനും, പദ്ധതിയുടെ വിജയത്തിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രോജക്ടുകൾക്ക് സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, (സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ) മുഖേന വായ്പ അനുവദിക്കുന്നതിന് അനുമതി നൽകി ചുവടെ വിവരിക്കുന്ന പ്രകാരം സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ദാരിദ്ര്യ രേഖക്ക് താഴെയുള്ള എല്ലാ ഭവന രഹിതർക്കും വീട് നൽകുക, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ഭൂരഹിത-ഭവന രഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ ആവിഷ്ക്കരിച്ചിട്ടുള്ള. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി 2009-11 കാലയളവിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.
2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായ ത്രിതല പഞ്ചായത്തുകൾ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്കു തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ സ്രോതസിൽ വായ്പാ വിഹിതം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുവദിക്കാവുന്നതാണ്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തനപരിധിക്കകത്തുള്ള പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കാവുന്നതാണ്. പ്രാഥമിക സഹകരണ സംഘം/ബാങ്കിൽ നിന്നും വായ്പ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വായ്പ എടുക്കാവുന്നതാണ്.
4. തദ്ദേശ ഭരണ സ്ഥാപനത്തിന് ആവശ്യമുള്ള തുക മുഴുവനും ഒരു സംഘം/ബാങ്കിൽ നിന്നും വായ്പയായി ലഭിക്കുന്നില്ലെങ്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രവർത്തന പരിധിക്കകത്തുള്ള ഒന്നിൽ കൂടുതൽ സംഘം/ബാങ്കിൽ നിന്നും വായ്പയെടുക്കാവുന്നതാണ്
5. പ്രാഥമിക സഹകരണ ബാങ്കിന് ഫണ്ടിന്റെ ലഭ്യതാകുറവുണ്ടെങ്കിൽ ആ ബാങ്കിന് ജില്ലാ സഹകരണ ബാങ്കിൽ നിന്നും, ജില്ലാ സഹകരണ ബാങ്കിന് ഫണ്ടിന്റെ ലഭ്യതാക്കുറവുണ്ടെങ്കിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഫണ്ട് ലഭ്യമാക്കേണ്ടതാണ്. ജില്ലാ സഹകരണ ബാങ്കുകൾ 9.5% പലിശ നിരക്കിൽ പ്രാഥമിക സഹകരണ ബാങ്കുകൾക്കും സംസ്ഥാന സഹകരണ ബാങ്ക് 9% പലിശ നിരക്കിൽ ജില്ലാ സഹകരണ ബാങ്കുകൾക്കും വായ്പ അനുവദിക്കേണ്ടതാണ്.
6. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പ്രാഥമിക സഹകരണ ബാങ്കിൽ നിന്നോ, ജില്ലാ/സംസ്ഥാന സഹകരണ ബാങ്കിൽ നിന്നോ വായ്പയെടുക്കാവുന്നതാണ്.
7. വായ്പ പരിധിക്ക് വിധേയമായി വായ്പയെടുക്കേണ്ട തുക നിശ്ചയിച്ചു കഴിഞ്ഞാൽ വായ്പയെടുക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്റ്റ് (1963) പ്രകാരമുള്ള സർക്കാർ അനുമതിക്കായി ജില്ലാ ആസൂത്രണ സമിതി മുഖേന അപേക്ഷിക്കണം
8. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം മാത്രമേ പ്രോജക്ടുകൾക്ക് ആവശ്യമായ വായ്പാ തുക വിതരണം ചെയ്യാൻ പാടുള്ളു.
9. കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് പ്രകാരം വായ്പ വാങ്ങുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
10. 2010-11 മുതൽ പരമാവധി പത്ത് വർഷക്കാലയളവിനുള്ളിൽ അതായത് 2019-20 നകം തിരിച്ചടവ് പൂർണ്ണമാകുന്ന തരത്തിൽ വായ്പ കാലാവധി നിജപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും വായ്പാ തിരിച്ചടവ് കാലയളവ് 10 വർഷത്തിൽ അധികരിക്കാൻ പാടുള്ളതല്ല.
11. വായ്പയെടുക്കുന്നതു സംബന്ധിച്ചും, വായ്പയെടുക്കുന്ന തുക പത്ത് ഗഡുക്കളായി 2010-11 മുതൽ 2019-20 വരെയുള്ള കാലയളവിൽ ലഭിക്കേണ്ട പൊതു

വിഭാഗം വികസന ഫണ്ടിൽ നിന്ന് കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാൻ സർക്കാരിനെ അധികാരപ്പെടുത്തിക്കൊണ്ടും തദ്ദേശ ഭരണസ്ഥാപനം സൂചന 8 ലെ സർക്കാർ ഉത്തരവിലെ ഫാറം 6 ലെ മാതൃകയിൽ തീരുമാനമെടുക്കേണ്ട താണ്. ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ് ഉൾപ്പെടെ സർക്കാർ അനുമതി ക്കായി അപേക്ഷിക്കേണ്ടതാണ്.

12. സർക്കാർ അനുമതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി ത്രിതല പഞ്ചായത്തുകൾ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്റ്റ് ഡയറക്ടർക്കും നഗരസഭകൾ കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർക്കും സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതികൾക്കു വേണ്ടി പ്രോജക്റ്റ് ഡയറക്ടർ/ജില്ലാമിഷൻ കോ–ഓർഡിനേറ്റർ അപേക്ഷകൾ പരിശോധിച്ച് അവ ക്രമത്തിലുള്ളതാണെന്നും വായ്പ തുക മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്നും പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അപേക്ഷ സർക്കാരിലേക്ക് അയക്കേണ്ടതാണ്.

13. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വായ്പയെടുക്കുന്ന ബാങ്കിനെ സംബന്ധിച്ച വിവര ങ്ങളും, വായ്പതുക സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ)ക്ക് സമർപ്പിക്കേണ്ടതാണ്.

14. തദ്ദേശ ഭരണ സ്ഥാപനം ഗുണഭോക്താവിന്റെ ലിസ്റ്റ് സഹിതം ബന്ധപ്പെട്ട ബാങ്കിന് വായ്പാ അപേക്ഷ സമർപ്പിക്കണം. തദ്ദേശ ഭരണ സ്ഥാപനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറക്ക് ബാങ്ക് വായ്പ തുക അനുവദിക്കുന്നതാണ്.

15. തദ്ദേശ ഭരണ സ്ഥാപനവും ബന്ധപ്പെട്ട ബാങ്കും തമ്മിൽ എഗ്രിമെന്റ് വയ്ക്കേണ്ട താണ്. ഇതിനുള്ള മാതൃത തദ്ദേശ സ്വയം ഭരണ വകുപ്പ്, സംഘങ്ങൾക്ക് നൽകു ന്നതാണ്.

16. സംസ്ഥാന സഹകരണ ബാങ്കിനോ ജില്ലാ സഹകരണ ബാങ്കുകൾക്കോ ഇ.എം. എസ് സമ്പൂർണ്ണ ഭവന പദ്ധതിയ്ക്ക് വായ്പ നൽകുന്നതിൽ നബാർഡ് വ്യവസ്ഥ കളിൽ ഇളവനുവാദം ആവശ്യമുണ്ടെങ്കിൽ ആയതിന് പ്രത്യേകമായി അപേക്ഷി ക്കേണ്ടതാണ്.

17. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 10% പലിശ നിരക്കിലാണ് വായ്പ അനുവ ദിക്കേണ്ടത്. വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. പലിശ സഹകരണ ബാങ്കുകൾക്ക് ഓരോ വർഷത്തിലും 4 തവണകളായി നൽകു ന്നതാണ്.

18. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളാണ് വായ്പയെടുക്കുന്നത് എന്നതിനാൽ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട ബാങ്കിലുള്ള കുടിശ്ശിക, അംഗത്വമില്ലായ്മ തുടങ്ങിയ വിഷയങ്ങൾ വായ്പ അനുവദിക്കുന്നതിന് തടസ്സമല്ല.

19. വായ്പ തുക 2010–11 മുതൽ 2019–20 വരെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട പൊതു വിഭാഗം വികസന ഫണ്ടിൽ നിന്ന് കൺട്രോളിംഗ് ആഫീസർമാർ ഉറവിടത്തിൽ വച്ചു തന്നെ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകുന്നതാണ്.

20. ഫണ്ട് സർക്കാർ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ ഗ്രാന്റിൽ നിന്നും ഉറവിടത്തിൽ വച്ചു തന്നെ കുറവു ചെയ്യുന്നതിനാൽ പ്രത്യേകം സെക്യൂരിറ്റിയുടെ ആവശ്യമില്ല.

21. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാനായി ഗ്രാമ പഞ്ചായത്തുകളും നഗര സഭകളും വായ്പയെടുക്കുന്ന ബാങ്കിൽ പ്രസിഡന്റിന്റേയും/ചെയർപേഴ്സന്റേയും/മേയറുടേയും നിർവഹണ ഉദ്യോഗസ്ഥന്റേയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കണം. ബാങ്കിൽ നിന്നും ഘട്ടം ഘട്ടമായി അനുവദിക്കുന്ന വായ്പ തുകയും വായ്പേതര തുകയും(വികസന ഫണ്ടും, ഓൺ ഫണ്ടും) ടി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനുള്ള നിശ്ചിത ധനസഹായതുക നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ പേരിൽ സഹകരണസംഘം/ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ ഗഡുക്കളായി നിക്ഷേപിക്കേണ്ടതാണ് (Transfer Credit).

22. ജനകീയാസൂത്രണത്തിൽ നിശ്ചയിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിന് വായ്പ അനുവദിക്കാവുന്നതാണ്. നിലവിൽ ഇതനുസരിച്ച് വീടൊന്നിന് ജനറൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് 75,000/- രൂപയും, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് 1,00,000/- രൂപയും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് 1,25,000/- രൂപയും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബത്തിൽപ്പെട്ട ഗുണഭോക്താവിന് 1,00,000/- രൂപയും, ആശ്രയ കുടുംബ ഗുണഭോക്താവിന് 1,25,000/- രൂപയും ആയി നിജപ്പെടുത്തിയിരിക്കുന്നു. ഭൂരഹിത കുടുബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം നൽകുന്നതുൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രോജക്ടാണ് നടപ്പാക്കുന്നതെങ്കിൽ മുകളിൽ പറഞ്ഞിട്ടുള്ള തുകക്കു പുറമെ പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, ആശ്രയകുടുംബങ്ങൾ, റെയിൽവേ-റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർ തുടങ്ങിയ ഗുണഭോക്താക്കൾക്ക് വീടൊന്നിന് ഗ്രാമ പഞ്ചായത്തുക

ളിൽ 75,000/- രൂപയും, മുൻസിപ്പാലിറ്റികളിൽ 90,000/- രൂപയും, കോർപ്പറേഷൻ പരിധിയിൽ ഒരു ലക്ഷം രൂപയും മറ്റ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്തിൽ 37,500/- രൂപയും, മുൻസിപ്പാലിറ്റിയിൽ 45,000/- രൂപയും, കോർപ്പറേഷൻ പരിധിയിൽ 50,000/- രൂപയും കൂടി വായ്പ അനുവദിക്കാവുന്നതാണ്.

23. വായ്പാതുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി 10 തുല്യവാർഷികഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്. വായ്പതുകയുടെ മുഴുവൻ പലിശയും സർക്കാർ വഹിക്കുന്നതാണ്.

24. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് ബാധകമാകുന്ന സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശ പ്രകാരമുള്ള പലിശ നിരക്ക് പ്രസ്തുത പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് ബാധകമായിരിക്കുന്നതാണ്. ഇപ്പോൾ ഇത് 10% ആയി നിജപ്പെടുത്തിയിരിക്കുന്നു.

25. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി തീരുമാനം, സ്ഥാപനവുമായുള്ള കരാർ, തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് ഉറപ്പ് തുടങ്ങി വായ്പാ വിതരണത്തിന് ആവശ്യമായ എല്ലാ നടപടി ക്രമങ്ങളും വായ്പ അനുവദിക്കുന്നതിന് പാലിക്കേണ്ടതാണ്.

26. നിർവ്വഹണ പുരോഗതി വിലയിരുത്തി വായ്പ തുകയുടെ യഥാർത്ഥ വിനിയോഗം, ആസ്തി നിർമ്മാണം, സൂചന സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള തറവിസ്തൃതി, പ്ലാൻ ഉൾപ്പെടെയുള്ള ഇതര ഭവനനിർമ്മാണ വ്യവസ്ഥകൾ എന്നിവ ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

27. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിക്ക് ആവശ്യമായ വായ്പ അനുവദിക്കുന്നതിന് സംഘങ്ങൾ/ബാങ്കുകൾ ഐ.എം.ബി.പി (Individual Maximum Borrowing Power) പരിധി പരിഗണിക്കേണ്ടതില്ല.

28. ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് പ്രത്യേകമായി നിഷ്ക്കർഷിച്ചിട്ടില്ലാത്ത ഫണ്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നനിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

29. വായ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനം ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ പുരോഗതി വിലയിരുത്തേണ്ടതും, വായ്പാ ദുരുപയോഗം തടഞ്ഞ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കേണ്ടതും വായ്പാ ദുരുപയോഗം, പദ്ധതി നടത്തിപ്പിലെ കാലതാമസം എന്നിവ ബന്ധപ്പെട്ട തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിന്റെ പ്രോഗ്രാം മാനേജ്മെന്റ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

30. വായ്പാ തിരിച്ചടവ് ഇനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സഹകരണസംഘങ്ങൾ/ബാങ്കുകൾക്ക് നൽകേണ്ട തുക, ഇതിനായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള കൺട്രോളിംഗ് ഓഫീസർമാർ തന്നെ അതാത് വർഷം യഥാസമയം കുറവ് ചെയ്ത് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകേണ്ടതാണ്. ആയത് ഉറപ്പുവരുത്തേണ്ടതുമാണ്.

31. സൂചന 8 ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് വായ്പാ വിതരണം ചെയ്യുന്ന സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അതാതു ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും ലഭ്യമാകുന്നതാണ്.

32. ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സൂചന 8 ലെ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

അനുവദിക്കുന്ന വായ്പ സംബന്ധിച്ചുള്ള പുരോഗതി റിപ്പോർട്ട് ഓരോ മാസവും സംസ്ഥാന സഹകരണ ബാങ്ക് നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സഹകരണ ബാങ്കുകൾ പുരോഗതി റിപ്പോർട്ട് നേരിട്ട് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും ഒരു പകർപ്പ് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ (ജനറൽ) ക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് സമർപ്പിക്കേണ്ടതും, ജില്ലയിലെ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്

**റാണി ജോർജ്ജ്.ഐ.എ.എസ്**
സഹകരണ സംഘം രജിസ്ട്രാർ

1. ഗവ:സെക്രട്ടറി, സഹകരണ വകുപ്പ്/തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ, ആഡിറ്റ്) മാർക്കും
5. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും (സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ)
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)

7. എല്ലാ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
9. ചീഫ് ജനറൽ മാനേജർ, നബാർഡ്,തിരുവനന്തപുരം
10. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി (ജില്ലാ കളക്ടർ)മാർക്കും
11. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12. സഹകരണസംഘം രജിസ്ട്രാറുടെ മേശമേൽ
13. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും/സെക്ഷൻ സൂപ്രണ്ട്മാർക്കും
14. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(സി.ബി)

൧

പ്രൊഫോർമ

## ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി സംബന്ധിച്ച് പ്രതിമാസ പുരോഗതി റിപ്പോർട്ട്

ജില്ല   മാസം   വർഷം

| 1 | 2 | 3 | 4 | 5 | | | 6 | 7 |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വായ്പ അനുവദിച്ച സഹകരണ സംഘം/ബാങ്കിന്റെ പേര് | വായ്പയെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | അനുവദിച്ച വായ്പ തുക | വിതരണം ചെയ്ത വായ്പയുടെ വിവരം | | | വായ്പ കാലാവധി | പലിശ നിരക്ക് |
| | | | | സ്വന്തം ഫണ്ട് | ജില്ലാ/സംസ്ഥാന സഹകരണ ബാങ്ക് വായ്പ | ആകെ | | |
| | | | | | | | | |

| 8 | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഗുണഭോക്താക്കളുടെ വിവരം | | | | | | | | | |
| 1 | | 2 | | 3 | | 4 | | 5 | |
| പൊതു വിഭാഗം | | പട്ടികജാതി വിഭാഗം | | പട്ടിക വർഗ്ഗ വിഭാഗം | | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം | | ആശ്രയ കുടുംബം | |
| ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത വായ്പ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത വായ്പ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത വായ്പ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത വായ്പ തുക | ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത വായ്പ തുക |
| a | b | a | b | a | b | a | b | a | b |
| | | | | | | | | | |

| 9 | | | 10 | | 11 | |
|---|---|---|---|---|---|---|
| വായ്പ തിരിച്ചടവ് വിവരം | | | ബാക്കി നിൽപ്പ് | | കുടിശ്ശിക | |
| തിരിച്ചടക്കേണ്ട തുക | തിരിച്ചടച്ച തുക | അടച്ച പലിശ | വായ്പ മുതൽ | പലിശ | മുതൽ | പലിശ |
| 1 | 2 | 3 | 1 | 2 | 1 | 2 |
| | | | | | | |